**ഇനം നമ്പർ : 39** **കോടതി മുറി നമ്പർ 9** **സെക്ഷൻ 17**

# സുപ്രീം കോടതി, ഇന്ത്യ

# നടപടിക്രമങ്ങൾ

## സിവിൽ അപ്പീൽ നമ്പർ : **6174/2023**

**ഭോപ്പാൽ മുൻസിപ്പൽ കോർപ്പറേഷൻ ( അപ്പീൽവാദി/വാദികൾ) VS**

**ഡോ. സുഭാഷ് സി. പാണ്ഡേയും മറ്റുള്ളവരും (എതിർകക്ഷി/ കൾ)**

(രാവിലെ 10.30-ന് പരിഗണിക്കേണ്ടത്)

***ഇടക്കാല ഹർജി നമ്പറുകൾ:***

( **IA 113056/2025** - ഉചിതമായ ഉത്തരവുകൾ/ നിർദ്ദേശങ്ങൾ; **IA 141056/2024** - ഫയലിങ്ങിലെ കാലതാമസം ക്ഷമിക്കൽ; **IA 43110/2024** - ഫയലിങ്ങിലെ കാലതാമസം ക്ഷമിക്കൽ;; **IA 198051/2023** - ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ; **IA 141055/2024** - യഥാർത്ഥ തർജ്ജമ ഹാജരാക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ; **IA 245823/2023** - കക്ഷിക്ക് നേരിട്ട് ഹാജരാകാനും വാദിക്കാനുമുള്ള അനുമതി; **IA 198050/2023** - സ്റ്റേ ഹർജി)

ഇതോടൊപ്പം സിവിൽ അപ്പീൽ നമ്പർ: **7728/2023 (XVII)** കേസും പരിഗണിക്കുന്നു:

(ഇടക്കാല ഹർജി നമ്പറുകൾ: **IA 176665/2024** - യഥാർത്ഥ തർജ്ജമ ഹാജരാക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ; **IA 196024/2024** - യഥാർത്ഥ തർജ്ജമ ഹാജരാക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ; **IA 241136/2023** - സ്റ്റേ ഹർജി)

**തീയതി**: 05-05-2026 ഈ കേസുകൾ ഇന്ന് വാദത്തിനായി കോടതിയിൽ വിളിക്കുകയുണ്ടായി.

**ബെഞ്ച് (ന്യായാധിപന്മാർ):**

ബഹു: ജസ്റ്റിസ് പങ്കജ് മിത്തൽ

ബഹു: ജസ്റ്റിസ് എസ്.വി.എൻ. ഭാട്ടി

PH. Secretary LSUD

Signature Not Verified
Digitally signed by GEETA AHUJA
Date: 2026.05.06 10:44:19 IST
Reason:

**അപ്പീൽ കക്ഷികൾക്ക് വേണ്ടി :**

**എതിർകക്ഷികൾക്ക് വേണ്ടി :**

**അപ്പീൽവാദികൾക്ക് വേണ്ടി :**

മിസ് വൻഷജ ശുക്ല  (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ഗുന്ജൻ ചൌക്സി  (അഡ്വക്കേറ്റ്)

മിസ്  അങ്കിത. അപ്പണ്ണ (അഡ്വക്കേറ്റ്)

മിസ്റ്റർ സിദ്ധാന്ത് യാദവ് (അഡ്വക്കേറ്റ്)

**എതിർകക്ഷികൾക്ക് വേണ്ടി :**

മിസ്സിസ് ഐശ്വര്യ ഭാട്ടി (അഡീഷണൽ സോളിസിറ്റർ ജനറൽ - A.S.G.)

മിസ് അനുപ്രിയ ശ്രീവാസ്തവ (അഡ്വക്കേറ്റ്)

മിസ് ഗാർഗി ബോസ് (അഡ്വക്കേറ്റ്)

മിസ്റ്റർ ഗുർമീത് സിംഗ് മക്കർ (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്സിസ് ചിത്രഗത രാസ്തവാര (അഡ്വക്കേറ്റ്)

മിസ്റ്റർ ബാലേന്ദു ശേഖർ (അഡ്വക്കേറ്റ്)

മിസ്റ്റർ ഉദിത് ദേദിയ (അഡ്വക്കേറ്റ്)

മിസ്റ്റർ ഹർഷവർദ്ധൻ പാണ്ഡേ (അഡ്വക്കേറ്റ്)

മിസ്റ്റർ രാഘവേന്ദ്ര പ്രതാപ് സിംഗ് (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ റാം കുമാർ (അഡ്വക്കേറ്റ്)

മിസ്റ്റർ മഹേന്ദ്ര പ്രതാപ് സിംഗ് (അഡ്വക്കേറ്റ്)

മിസ്റ്റർ അക്ഷത് കശ്യപ് (അഡ്വക്കേറ്റ്)

മിസ്റ്റർ അർപിത് ഗുപ്ത (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ദിൽപ്രീത് സിംഗ് (അഡ്വക്കേറ്റ്)

മിസ്റ്റർ ദിവ്യ പ്രതാപ് പാർമർ (അഡ്വക്കേറ്റ്)

മിസ് ആകാൻക്ഷ അഗർവാൾ (അഡ്വക്കേറ്റ്)

മിസ്റ്റർ ആദിൽ വർ ചൗധരി (അഡ്വക്കേറ്റ്)

മിസ്റ്റർ ഷാരിഖ് വർ ചൗധരി (അഡ്വക്കേറ്റ്)

മിസ്റ്റർ പശുപതി നാഥ് റസ്ദാൻ (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ അഭിമന്യു സിംഗ് (അഡ്വക്കേറ്റ്)

മിസ്റ്റർ അഭിനവ് ശ്രീവാസ്തവ് (അഡ്വക്കേറ്റ്)

മിസ് മൈത്രേയി ജഗത് ജോഷി (അഡ്വക്കേറ്റ്)

മിസ്റ്റർ ആസ്തിക് ഗുപ്ത (അഡ്വക്കേറ്റ്)

മിസ് ആകാൻക്ഷ തോമർ (അഡ്വക്കേറ്റ്)

മിസ്റ്റർ ശ്രാവൺ ബഗോര (അഡ്വക്കേറ്റ്)

മിസ്റ്റർ രാഘവ് ശർമ്മ (അഡ്വക്കേറ്റ്)

മിസ്റ്റർ സാൽവഡോർ സന്തോഷ് റെബെല്ലോ (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ജസ്കീരത് പാൽ സിംഗ് (അഡ്വക്കേറ്റ്)

മിസ്റ്റർ മൃദുൽ ശുക്ല (അഡ്വക്കേറ്റ്)

മിസ്റ്റർ പ്രാഞ്ജൽ പാണ്ഡേ (അഡ്വക്കേറ്റ്)

മിസ് മൗലിശ്രീ പഥക് (അഡ്വക്കേറ്റ്)

മിസ്റ്റർ സൗരഭ് ബൽവാനി (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ചിരാഗ് പഥോർ (അഡ്വക്കേറ്റ്)

മിസ്റ്റർ വിക്രമാദിത്യ സിംഗ് (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ഖാസിം അലി (അഡ്വക്കേറ്റ്)

മിസ്റ്റർ അർജുൻ സിംഗ് (അഡ്വക്കേറ്റ്)

മിസ് വാഷിക ഗുപ്ത (അഡ്വക്കേറ്റ്)

മിസ്റ്റർ ആർ. വെങ്കട്ട് പ്രഭാത് (അഡ്വക്കേറ്റ്)

മിസ് പ്രഗതി നീഖ്ര (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ ആര്യൻ വൈഭവ് ശ്രീവാസ്തവ് (അഡ്വക്കേറ്റ്)

മിസ്റ്റർ ആദിത്യ അനിരുദ്ധ പാണ്ഡെ (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ സിദ്ധാർത്ഥ് ധർമ്മാധികാരി (അഡ്വക്കേറ്റ്)

മിസ്റ്റർ ശ്രീരംഗ് ബി. വർമ്മ (അഡ്വക്കേറ്റ്)

മിസ്റ്റർ സൗരവ് സിംഗ് (അഡ്വക്കേറ്റ്)

മിസ് ചിത്രൻഷ സിംഗ് സികർവാർ (അഡ്വക്കേറ്റ്)

മിസ്റ്റർ സമീർ അഭയങ്കർ (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ്റ്റർ കൃഷ്ണ രസ്തോഗി (അഡ്വക്കേറ്റ്)

മിസ്റ്റർ ആര്യൻ ശ്രീവാസ്തവ് (അഡ്വക്കേറ്റ്)

മിസ്റ്റർ സുർജേന്ദു ശങ്കർ ദാസ് (അഡ്വക്കേറ്റ് ഓൺ റെക്കോർഡ് - AOR)

മിസ് വൂവിക ടൂർ (അഡ്വക്കേറ്റ്)

**അഭിഭാഷകരുടെ വാദം കേട്ടതിനു ശേഷം കോടതി താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു:**

# ഉത്തരവ്

**01.** ഈ ഭൂമിയും ഈ രാജ്യവുമാണ് നമുക്കെല്ലാവർക്കും പൊതുവായിട്ടുള്ളത്. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2026 നടപ്പിലാക്കാൻ അധികാരം നല്കിയിട്ടുള്ള ഒരു കൂട്ടം പ്രതിബദ്ധതയുള്ള പൊതുസേവകർക്കും (civil servants), ഓഫീസർമാർക്കും ജനപ്രതിനിധികൾക്കും അടിത്തട്ടിൽ പ്രവർത്തിക്കുന്ന സാധാരണക്കാർക്കും (foot soldiers) മനുഷ്യനിർമ്മിതമായ നാശത്തിൽ നിന്ന് ഈ ഗ്രഹത്തെയും നമ്മുടെ രാജ്യത്തെയും സംരക്ഷിക്കുന്നതിനുള്ള വെളിച്ചം പരത്താൻ സാധിക്കുമെന്ന് ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം കൊണ്ടുവന്നിട്ടുള്ള ഈ നിയമപരമായ ചട്ടക്കൂട്, ഇന്ത്യൻ പൗരരുടെ പുരോഗതിക്കും ക്ഷേമത്തിനുമുള്ള ഒരു മാറ്റമായിരിക്കും. വരുംതലമുറകൾക്കായി ജീവിക്കാൻ യോഗ്യമായ ഒരു ഭൂമി അവശേഷിപ്പിക്കുക എന്നത് നമ്മുടെ കൂട്ടായ പ്രതിബദ്ധതയായിരിക്കണം. ഭൂമിയെ സംരക്ഷിച്ചതിന് അവർ പറയുന്ന നന്ദി നമ്മൾ കേട്ടെന്നു വരികില്ല. എങ്കിലും അവർക്കായി ത്യാഗം ചെയ്യാനും അശ്രാന്തം പരിശ്രമിക്കാനും നമ്മെത്തന്നെ സമർപ്പിക്കാനുമുള്ള നമ്മുടെ മനസ്സ് വരുംകാലങ്ങളിൽ നമ്മുടെ മനഃസാക്ഷിയുടെ അടയാളമായി അവശേഷിക്കും.

**02.** 29.04.2026-ലെ ഉത്തരവിന് അനുസാരിയായി: (i) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയ സെക്രട്ടറി; (ii) ജലശക്തി മന്ത്രാലയത്തിലെ കുടിവെള്ള-ശുചിത്വ വകുപ്പ് സെക്രട്ടറി; (iii) ഭവന, നഗരകാര്യ മന്ത്രാലയ സെക്രട്ടറി; (iv) പഞ്ചായത്തിരാജ് മന്ത്രാലയ സെക്രട്ടറി; (v) ഗ്രാമവികസന മന്ത്രാലയ സെക്രട്ടറി എന്നിവരും വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരും ഇന്നത്തെ കോടതി നടപടികളിൽ പങ്കെടുത്തു. ചില ചീഫ് സെക്രട്ടറിമാർ ചർച്ചകളിൽ സജീവമായി പങ്കെടുത്തപ്പോൾ, മറ്റുള്ളവർ 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യമായ ആവശ്യകതയാണെന്നതും ഭരണകൂടത്തിനും തദ്ദേശ സ്ഥാപനങ്ങൾക്കുമുള്ള അതിലുള്ള നിയമപരമായ ബാധ്യതകളും അംഗീകരിച്ച. ഭൂരിഭാഗം സംസ്ഥാനങ്ങളുടെയും അഭിഭാഷകരും ഈ നടപടികളിൽ പങ്കെടുത്തു.

**03.** നിയമപരമായ ഉത്തരവുകൾക്ക് വിരുദ്ധമായ പരിസ്ഥിതി മലിനീകരണം തടയുന്നതിനും, ഖരമാലിന്യം ഉത്പാദകരെ ഇതിൽ പങ്കാളികളാക്കാൻ പ്രേരിപ്പിക്കുന്നതിനുമാണ് എല്ലാ കക്ഷികളുടെയും നിലവിലെ കൂട്ടായ ശ്രമമെന്ന് ഈ കോടതി വാദത്തിനിടയിൽ വ്യക്തമാക്കിയിട്ടുണ്ട്. മുൻ ഉത്തരവുകളിൽ സൂചിപ്പിച്ചത്

പോലെ തദ്ദേശ, സംസ്ഥാന, കേന്ദ്ര ഭരണസംവിധാനങ്ങളിൽ ഈ കോടതി പൂർണ്ണ വിശ്വാസമർപ്പിക്കുന്നതോടൊപ്പം, പ്രതീക്ഷിച്ച ഫലം ലഭിക്കാത്ത പക്ഷം, മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലം ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിലവിലെ ഭരണസംവിധാനത്തിനുള്ള അന്തർലീനമായ അപ്രാപ്തി (inbuilt incompetency) അന്തിമമായി പ്രഖ്യാപിക്കുന്നതിന് മുൻപ്, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഭരണസംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കോടതി തീരുമാനിക്കുന്നു.

**04.** മേൽപ്പറഞ്ഞ കാഴ്ച്ചപ്പാട് മുൻനിർത്തി, രാജ്യത്തുടനീളമുള്ള ജില്ലാ കളക്ടർമാർക്ക് അവരുടെ അധികാരപരിധിക്കുള്ളിൽ 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ മേൽനോട്ടം, ഭരണം, നടപ്പിലാക്കൽ എന്നിവയ്ക്കായി മാത്രം, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ സെക്ഷൻ 23 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാനും, സെക്ഷൻ 5 പ്രകാരമുള്ള അധികാരങ്ങൾ ഒരു വർഷത്തേക്ക് കൈമാറാനും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് കോടതി നിർദ്ദേശം നൽകുന്നു. ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കാൻ മാത്രമല്ല, സവിശേഷ സാഹചര്യങ്ങളിൽ, നിർദ്ദേശങ്ങൾ അനുസരിക്കാത്തതോ ചട്ടങ്ങൾ ലംഘിക്കുന്നതോ ആയ വൻതോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർക്ക് ജലം, വൈദ്യുതി എന്നിവ വിച്ഛേദിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു 'പ്രത്യേക സെൽ' രൂപീകരിച്ച് അതിനുമാത്രമായുള്ള പ്രവർത്തനത്തിനായി നിയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു. ജില്ലാ കളക്ടർമാർ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിൽ (dumping sites) ഓൺലൈൻ/വിർച്വൽ വഴി നേരിട്ടുള്ള പരിശോധനകൾ നടത്തുകയും, ചട്ടങ്ങൾ നടപ്പിലാക്കുകയും, രണ്ടാഴ്ചയിലൊരിക്കൽ റിപ്പോർട്ട് തയ്യാറാക്കി അതത് സംസ്ഥാനങ്ങളിലെ നിയുക്ത സെക്രട്ടറിമാർക്ക് അയക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ കൈമാറിക്കിട്ടിയ അധികാരം ഉപയോഗിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, ഈ കോടതിയുടെ ഉത്തരവുകളുടെ തുടർച്ചയായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളായിട്ടായിരിക്കും കണക്കാക്കപ്പെടുക.

**05.** ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള 'പ്രത്യേക സെല്ലിൽ' അതത് മലിനീകരണ നിയന്ത്രണ ബോർഡുകളിലെ റീജണൽ ഓഫീസർമാരെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. തങ്ങളുടെ അധികാരപരിധിയിലുള്ള അധികൃതവും അനധികൃതവുമായ എല്ലാ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലും (dump yards/sites) നേരിട്ട് പോയി പരിശോധന നടത്താനും, അതിന്റെ ചിത്രങ്ങൾ തുടർനടപടികൾക്കും ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമായി ജില്ലാ

കളക്ടർക്കും തദ്ദേശ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കാനും മലിനീകരണ നിയന്ത്രണ ബോർഡ് റീജണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അധികാരപ്പെടുത്തിയ വാഹനങ്ങളിൽ മാത്രമാണ് ഖരമാലിന്യങ്ങൾ കൊണ്ടുപോകുന്നതും കൈകാര്യം ചെയ്യുന്നതും നിർമ്മാർജ്ജനം ചെയ്യുന്നതും എന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. ഇത് റോഡരികുകൾ, റെയിൽവേ ട്രാക്കുകൾ, തടാകങ്ങൾ, മലയടിവാരങ്ങൾ തുടങ്ങിയ ഇടങ്ങളിൽ അനധികൃതമായി മാലിന്യം തള്ളുന്നത് നിയന്ത്രിക്കാൻ മാത്രമല്ല, തടയാനും തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കും.

**06.** മാസത്തിലൊരിക്കൽ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നതിലെ പുരോഗതിയെയും പ്രവർത്തനങ്ങളെയും കുറിച്ച് ഒരു ഹ്രസ്വ സംഗ്രഹം തയ്യാറാക്കി അതത് സെക്രട്ടറിമാർക്ക് സമർപ്പിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു. ബന്ധപ്പെട്ട സെക്രട്ടറിമാർ, തങ്ങളുടെ സംസ്ഥാനങ്ങളിലെ പുരോഗതിയും പോരായ്മകളും വിലയിരുത്തി സാക്ഷ്യപ്പെടുത്തുന്ന ഒരു സംഗ്രഹം (abstract) തയ്യാറാക്കി, ഈ കോടതിയിൽ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന മന്ത്രാലയങ്ങൾക്ക് ആ റിപ്പോർട്ട് അയച്ചു കൊടുക്കേണ്ടതാണ്: (i) സെക്രട്ടറി, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC); (ii) സെക്രട്ടറി, ജലശക്തി മന്ത്രാലയത്തിലെ കുടിവെള്ള-ശുചിത്വ വകുപ്പ്; (iii) സെക്രട്ടറി, ഭവന, നഗരകാര്യ മന്ത്രാലയം (MoHUA); (iv) സെക്രട്ടറി, പഞ്ചായത്തിരാജ് മന്ത്രാലയം; (v) സെക്രട്ടറി, ഗ്രാമവികസന മന്ത്രാലയം.

**07.** ഭാരത സർക്കാരിലെയും സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സെക്രട്ടറിമാർ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നടത്തുന്ന ഒന്നാം ഘട്ട നിരീക്ഷണത്തിന്റെ (monitoring) വിവരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്:

1) ഈ കോടതിയുടെ **19.02.2026, 29.04.2026** തീയതികളിലെ ഉത്തരവുകളും ഇന്നത്തെ ഉത്തരവും **(05.05.2026)** അതത് കമ്മീഷണർമാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ വഴി ജനപ്രതിനിധികളായ വാർഡ് മെമ്പർമാർ, കോർപ്പറേറ്റർമാർ, കൗൺസിലർമാർ എന്നിവരെ അറിയിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

2) മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകൾ മുൻഗണനാക്രമത്തിൽ നൽകിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കാരുകളോട് കോടതി നിർദ്ദേശിക്കുന്നു. നേരെമറിച്ച്, വീഴ്ച വരുത്തുന്ന തദ്ദേശ സ്ഥാപനങ്ങൾ ചട്ടങ്ങൾ പാലിക്കാത്ത പക്ഷം ശിക്ഷാ നടപടികൾ നേരിടേണ്ടി വരുന്നതാണ്.

3) തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രാതിനിധ്യച്ചുമതലകളുടെ ഭാഗമായി, ഖരമാലിന്യ പരിപാലന ചട്ടങ്ങളെക്കുറിച്ചുള്ള അറിവും അവ പാലിക്കാനുള്ള ബാധ്യതകളുംകൂടി ഉൾപ്പെടുത്തുന്നതിനുള്ള ഒരു മാർഗരേഖ (roadmap) തയ്യാറാക്കാൻ പഞ്ചായത്തിരാജ് മന്ത്രാലയ സെക്രട്ടറിയോടും നഗരവികസന മന്ത്രാലയ സെക്രട്ടറിയോടും നിർദ്ദേശിക്കുന്നു.

**08.** താഴെ പറയുന്ന മന്ത്രാലയങ്ങളിലെ സെക്രട്ടറിമാർ; അതായത് (i) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) സെക്രട്ടറി; (ii) ജലശക്തി മന്ത്രാലയത്തിലെ കുടിവെള്ള-ശുചിത്വ വകുപ്പ് സെക്രട്ടറി; (iii) ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) സെക്രട്ടറി; (iv) പഞ്ചായത്തിരാജ് മന്ത്രാലയം സെക്രട്ടറി; (v) ഗ്രാമവികസന മന്ത്രാലയം സെക്രട്ടറി എന്നിവർ, ഇൻഡസ്ട്രികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട് ഉപയോഗിച്ച് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകളോ മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള മറ്റ് അത്യാധുനിക സാങ്കേതികവിദ്യകളോ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും, ഇതിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നിലവിലെ പദ്ധതിയും അതിന്റെ മാർഗ്ഗരേഖകളും പരിശോധിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം കോർപ്പറേറ്റ് സംഭാവനകൾ, ആവശ്യമായ പരിധിവരെ, തദ്ദേശ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പരിപാലനത്തിനായി 'മലിനമാക്കുന്നവർ പണം നൽകണം' (Polluter Pays Principle) എന്ന തത്വത്തിന് സമാനമായ രീതിയിലുള്ള നഷ്ടപരിഹാരമായി കണക്കാക്കാവുന്നതാണ്. ഇത് 'മലിനമാക്കുന്നവൻ പണം നൽകണം' എന്ന തത്വം കർശനമായി നടപ്പിലാക്കാൻ വേണ്ടിയുള്ളതല്ല, മറിച്ച് പരിസ്ഥിതിയുടെ ഗുണമേൻമാവർധനയ്ക്കാണ്. ഇത്തരം CSR ഫണ്ടുകൾ നൽകുന്ന വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. ഇത്തരം സംഭാവനകൾ ഇന്ത്യാ യൂണിയൻ നടപ്പിലാക്കുന്ന പദ്ധതികളിൽ മുൻഗണനാപൂർവം പരിഗണിക്കണമെന്ന് ഞങ്ങൾ നിർദേശിക്കുന്നു.

**09.** 2026 മെയ് 15-നകം ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ 'ഫോം എൻ' (Form N) വിതരണം ചെയ്യാനും, പൂരിപ്പിച്ച വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച ശേഷം, തദ്ദേശ

സ്ഥാപനങ്ങളുടെ മികച്ചതും കാര്യക്ഷമവുമായ പ്രവർത്തന നിരീക്ഷണത്തിനായി കേന്ദ്ര സർക്കാരിലെ അതത് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കാനും ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു.

**10.** കൂടാതെ, വിനോദസഞ്ചാര പ്രാധാന്യമുള്ള ബീച്ചുകൾ, മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവ കണ്ടെത്താനും, അത്തരം സ്ഥലങ്ങളിൽ 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു പ്രത്യേക സംവിധാനം (special mechanism) ഒരുക്കാനും ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു.

**11.** പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ (Plastic Waste Management Rules, 2016 - കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയത് പ്രകാരം) തങ്ങളുടെ അധികാരപരിധിയിൽ നടപ്പിലാക്കിയതിന്റെ ഒരു സമഗ്ര വിവരശേഖരണം (inventory) തയ്യാറാക്കാൻ ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ, ഈ ചട്ടങ്ങൾ കർശനമായി പാലിച്ചതുമായി ബന്ധപ്പെട്ട റിപ്പോർട്ട് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) സെക്രട്ടറിവഴി സമർപ്പിക്കേണ്ടതാണ്. ഗ്രാമീണ മേഖലകൾക്ക് ബാധകമായ രീതിയിൽ, വൻകിട മാലിന്യ ഉത്പാദകരെ (Bulk Waste Generators) കണ്ടെത്തൽ, EBWGR സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ, നിഷ്ക്രിയ മാലിന്യ (Legacy waste), മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം (dumpsite remediation) തുടങ്ങിയ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതികവും പ്രവർത്തനപരവുമായ പിന്തുണ നൽകുന്നതും (handholding of Gram Panchayats) ഇതിൽ ഉൾപ്പെടുന്നു. നിലവിൽ, ആയിരത്തി എഴുന്നൂറോളം (1,700) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (CPCB) ഇ.പി.ആർ (EPR - Extended Producer Responsibility) പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായുള്ള ഒരു സമയപരിധി നിശ്ചയിച്ചുകൊണ്ട് ഈ ഇ.പി.ആർ (EPR) പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സംസ്ഥാനങ്ങൾ തങ്ങളുടെ പരിധിയിലുള്ള എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതാണ്.

**12.** കേന്ദ്ര സർക്കാർ സമർപ്പിച്ച ഏറ്റവും പുതിയ തൽസ്ഥിതി റിപ്പോർട്ടിലെ അനുബന്ധം (Annexure) 8, 9 എന്നിവയിൽ, കണ്ടെത്തിയിട്ടുള്ള തടസ്സങ്ങളെക്കുറിച്ച് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നൽകിയ മറുപടികളും അവർ സമർപ്പിച്ച

കർമ്മപദ്ധതികളുടെ ക്രോഡീകരണവുമാണ് പരാമർശിക്കുന്നത്. കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾ ഈ വിഷയങ്ങൾ ഏറ്റെടുക്കുകയും ഇന്ന് മുതൽ മൂന്ന് ആഴ്ചയ്ക്കകം ഈ തടസ്സങ്ങളോട് പ്രതികരിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ വകുപ്പുകൾക്കും വേണ്ടിയും അവരുടെ ഭാഗത്തുനിന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള നോഡൽ സെക്രട്ടറിയായി പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. എന്നാൽ 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ മേൽനോട്ടം, ഭരണം, നടപ്പിലാക്കൽ എന്നിവ അതത് വകുപ്പുകളുടെ ചുമതലയിൽ തന്നെയായിരിക്കും. സംസ്ഥാനങ്ങൾ അയയ്ക്കുന്ന റിപ്പോർട്ടുകൾ അതേപടി കോടതിയിലേക്ക് ഫോർവേർഡ് ചെയ്യരുതെന്നും, മറിച്ച് അതത് വകുപ്പുകളിൽ അവ കൃത്യമായി പരിശോധിച്ച് വിലയിരുത്തിയ ശേഷം അതിന്റെ ഒരു സംഗ്രഹം മാത്രം ഈ കോടതിയിൽ സമർപ്പിക്കണമെന്നും സെക്രട്ടറിമാരോട് ആവശ്യപ്പെടുന്നു.

**13.** ചർച്ചകൾക്കിടയിൽ, നിലവിൽ ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്നും അത് നിശ്ചിത സമയത്തിനുള്ളിൽ പാലിക്കപ്പെടുന്നില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. സ്വച്ഛ് ഭാരത് മിഷൻ-അർബൻ (SBM-U) പദ്ധതിക്കായി ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കപ്പെട്ടു. ഇതിൽ മൂന്ന് തട്ടുകളാണുള്ളത് . സ്വച്ഛ് ഭാരത് മിഷനിൽ സ്വീകരിച്ചിരിക്കുന്ന ഈ രീതി പരിഗണിക്കുമ്പോൾ, ഖരമാലിന്യ പരിപാലന പദ്ധതികൾ സ്വച്ഛ് ഭാരത് മിഷൻ-അർബൻ വ്യവസ്ഥകൾക്ക് അനുസൃതമായിത്തന്നെയാണ് ഏറ്റെടുക്കേണ്ടതും അനുമതി നൽകേണ്ടതുമെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ. അതനുസരിച്ച് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ സംസ്ഥാന സർക്കാരുകൾ വഴിയും കേന്ദ്ര സർക്കാർ വരെയുമുള്ള ഈ മൂന്ന് തലങ്ങളെയും, സ്വച്ഛ് ഭാരത് മിഷൻ - അർബൻ പദ്ധതിക്ക് കീഴിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കടലാസ് രഹിതമായി പരസ്പരം ബന്ധിപ്പിക്കാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. ഇതിനായി കൗൺസിലിന്റെയോ മറ്റ് ഫോറങ്ങളുടെയോ അതോറിറ്റികളുടെയോ പ്രത്യേക അനുമതിയുടെ ആവശ്യമില്ല. സ്വച്ഛ് ഭാരത് മിഷൻ (SBM-U) ഒഴികെയുള്ള മറ്റ് സ്രോതസ്സുകൾ വഴി ധനസഹായം ലഭിക്കുന്ന ഖരമാലിന്യ പരിപാലന പദ്ധതികൾക്കും എല്ലാ സംസ്ഥാന സർക്കാരുകൾക്കും സമാനമായ രീതിയിൽ കടലാസ് രഹിതവും, സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ ലളിതമായ അനുമതി രീതി ഉപയോഗിക്കാൻ കഴിയുന്നതാണ്. നാഷണൽ അഡ്വൈസർ ആൻഡ് റിവ്യൂ കമ്മിറ്റി ('NARC') പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞാൽ, വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതും സാങ്കേതിക അനുമതി (technical sanction) നൽകുന്നതുമായ ചുമതലകൾ സംസ്ഥാനത്തെ

യോഗ്യരായ അധികാരികൾക്ക് കൈമാറേണ്ടതാണ് (delegate); ഇതിലൂടെ ഖരമാലിന്യ പരിപാലന പദ്ധതികളുടെ അനുമതിക്കായി മൂന്നിൽ കൂടുതൽ തലങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാം. ഇതിനായി അതത് സംസ്ഥാനങ്ങളിലെ ജനറൽ ഫിനാൻഷ്യൽ റൂളുകൾ (GFRs) ഉചിതമായി പരിഗണിക്കാവുന്നതാണ്. NARC പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞാൽ, സംസ്ഥാനത്തിന്റെ വിഹിതം (matching share) നൽകുന്നതിൽ കാലതാമസം ഒഴിവാക്കാൻ ആ തുകയും തയ്യാറാക്കി വയ്ക്കേണ്ടതാണ്.

**14.** കേന്ദ്ര സർക്കാരും കേന്ദ്രഭരണ പ്രദേശങ്ങളും സംസ്ഥാനങ്ങളും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഞങ്ങളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ (SWM Rules) നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, സാമ്പത്തിക പ്രതിസന്ധികളെക്കുറിച്ച് സംസ്ഥാനങ്ങൾ പ്രകടിപ്പിച്ച ആശങ്കകളും കാഴ്ചപ്പാടുകളും ഞങ്ങൾ രേഖപ്പെടുത്തുന്നു. 2026-ലെ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ലഭ്യത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു:

**14.1**. തദ്ദേശ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ - അർബൻ (SBM-U), സ്വച്ഛ് ഭാരത് മിഷൻ - ഗ്രാമീൺ (SBM-Grameen) എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ സംസ്ഥാനങ്ങൾക്ക് ലഭ്യമാണ്. ഈ ഫണ്ടുകൾ സമയബന്ധിതമായും പൂർണ്ണമായും വിനിയോഗിക്കുക എന്നത് സംസ്ഥാന സർക്കാരുകളുടെ നിർബന്ധിത ബാധ്യതയാണ്.

**14.2.** പല സംസ്ഥാനങ്ങളും ഖരമാലിന്യ പരിപാലന, ശുചിത്വ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി തങ്ങളുടെ സ്വന്തം സംസ്ഥാനബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**14.3.** പല സംസ്ഥാനങ്ങൾക്കും ശുചിത്വപരിപാലന ചെലവുകൾക്കായി ധനകാര്യക്കമ്മീഷൻ ഫണ്ടുകൾ നിർബന്ധിതമായി നേടിയെടുക്കാൻ ഫലപ്രദമായി സാധിച്ചിട്ടുണ്ട്.

**14.4.** വലിയ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (ULBs) കോർപ്പറേറ്റുകളിൽ നിന്നും സി.എസ്.ആർ (CSR) സഹായം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ, ബയോ-സി.ബി.ജി (Bio-CBG / കംപ്രസ്ഡ് ബയോഗ്യാസ്) പദ്ധതികളിൽ പല പൊതുമേഖലാ സ്ഥാപനങ്ങളും താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് ഇത് പൂർണ്ണമായി പ്രയോജനപ്പെടുത്താവുന്നതാണ്.

**14.5.** സംസ്ഥാന സർക്കാരുകൾക്ക് പ്രാദേശിക/ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഖരമാലിന്യ പരിപാലനത്തിനായി വലിയ തോതിലുള്ള പി.പി.പി (PPP - പൊതു-സ്വകാര്യ പങ്കാളിത്ത) പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. കൂടാതെ, ഭവന-നഗരകാര്യ മന്ത്രാലയം (MoHUA) അടുത്തിടെ ആരംഭിച്ച അർബൻ ചലഞ്ച് ഫണ്ടിൽ നിന്നും ഇതിനായി തുക പ്രയോജനപ്പെടുത്താവുന്നതുമാണ്.

**14.6.** വിവിധ ധനസഹായ സ്രോതസ്സുകളെ ഏകോപിപ്പിച്ചുകൊണ്ടുവേണം സംസ്ഥാനങ്ങൾ ശുചിത്വ, ഖരമാലിന്യ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യാൻ. പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിൽ, ഗ്രാമപഞ്ചായത്തുകൾക്ക് ഈ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്ന തരത്തിൽ സംസ്ഥാനങ്ങൾ തങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്ന് ആവശ്യത്തിന് തുക വകയിരുത്തേണ്ടതാണ്.

**15.** മേൽപ്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട്, എല്ലാ ചീഫ് സെക്രട്ടറിമാരുടെയും ഒരു യോഗം വിളിച്ചുചേർക്കാൻ ഭവന-നഗരകാര്യ മന്ത്രാലയം (MoHUA) സെക്രട്ടറിയോട് ഞങ്ങൾ നിർദ്ദേശിക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി എങ്ങനെ പരിഹരിക്കാമെന്നും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഭാരത സർക്കാരിന് എത്രത്തോളം സഹായം നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുന്ന ഒരു പരിഹാരനിർദേശം (resolution) ഈ യോഗത്തിന് ശേഷം കോടതിക്ക് മുന്നിൽ സമർപ്പിക്കേണ്ടതാണ്.

**16.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത പ്രതിസന്ധി ഈ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. രാജ്യത്തെ ജനസംഖ്യാ വളർച്ചയും ഗ്രാമങ്ങൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ മൂന്ന് തലങ്ങളിലുമുണ്ടായ ജനസാന്ദ്രതയിലെ വർദ്ധനവും ഞങ്ങൾ കണക്കിലെടുക്കുന്നു.

**17.** വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്കും അതിനാലുണ്ടാകുന്ന ഖരമാലിന്യത്തിന്റെ വർദ്ധനവിനും ആനുപാതികമായി, സംസ്ഥാന സർക്കാരുകൾ ജീവനക്കാരുടെ എണ്ണത്തിലോ മറ്റ് സൗകര്യങ്ങളിലോ എന്തെങ്കിലും വർദ്ധനവ് വരുത്തിയതായി മനസ്സിലാക്കാൻ തക്കതായ വിവരങ്ങളൊന്നും നിലവിൽ കോടതിക്ക് മുന്നിലില്ല. അതിനാൽ, നഗര-ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ളതും നിലവിലുള്ളതുമായ ജീവനക്കാരുടെ എണ്ണം പുനഃപരിശോധിക്കാനും, കണ്ടെത്തുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്താനും സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ഞങ്ങൾ നിർദ്ദേശിക്കുന്നു. ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളുടെ

സാങ്കേതിക ശേഷി വർദ്ധിപ്പിക്കുന്നതിനായി, സ്വന്തം വിഭവങ്ങളിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച്, ഖരമാലിന്യ പരിപാലനത്തിനും ശുചിത്വ സേവനങ്ങൾക്കുമായി ഒരു പ്രത്യേക കേഡർ രൂപീകരിക്കുന്ന കാര്യം സംസ്ഥാനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളെ അവിടുത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ട്; എല്ലാ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് ഒരു ഫുൾ-ടൈം പഞ്ചായത്ത് സെക്രട്ടറിയും സാങ്കേതിക സഹായവും ഉണ്ടെന്ന് ഉറപ്പാക്കണം. സ്വച്ഛ് ഭാരത് മിഷൻ-അർബൻ (SBM-U) പദ്ധതിക്ക് കീഴിൽ നൽകേണ്ട സംസ്ഥാന വിഹിതത്തിന് പുറമെ, തദ്ദേശ സ്ഥാപനങ്ങളുടെ ഹ്രസ്വകാല-ദീർഘകാല കാര്യശേഷി വികസനത്തിനായും സംസ്ഥാനം ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

**18.** പരമ്പരാഗത മാലിന്യവുമായി (legacy wste) ബന്ധപ്പെട്ട വിഷയങ്ങൾ ചീഫ് സെക്രട്ടറിമാരുമായി പ്രത്യേകമായി ചർച്ച ചെയ്യാനും, അവരുടെ മറുപടി സ്വീകരിച്ച ശേഷം ഈ വിഷയത്തിൽ മേൽനടപടികൾക്കായുള്ള റിപ്പോർട്ട് സമർപ്പിക്കാനും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

**19.** ഒന്നാം ഘട്ടത്തിന്റെ പുരോഗതി **25.05.2026**-ലും, അതിനുശേഷം **15.07.2026**-ലും വിലയിരുത്തുന്നതാണ്. മൊബൈൽ കോടതികൾ സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള കാര്യം **15.07.2026**-ൽ കക്ഷികളുടെ വാദം കേട്ടതിനു ശേഷം പരിശോധിക്കും.

**20.** ഈ കോടതിയുടെ ഉത്തരവുകൾ അതത് സംസ്ഥാനങ്ങൾ പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യേണ്ടതാണ്. കൂടാതെ, ഈ ഉത്തരവിന്റെ സോഫ്റ്റ് കോപ്പിക്കൊപ്പം വിവർത്തനം ചെയ്ത പകർപ്പുകൂടി ബന്ധപ്പെട്ട എല്ലാവരിലേക്കും എത്തിക്കേണ്ടതാണ്.

**21.** സംസ്ഥാനങ്ങൾ സമർപ്പിച്ച ചട്ടപാലന റിപ്പോർട്ടുകൾ വിലയിരുത്തിയതിൽ നിന്നും, താഴെ പറയുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും രണ്ടുഭാഗത്തുമുള്ള തുടർനടപടികൾക്കായി അതിന്റെ പുരോഗതി റിപ്പോർട്ട് ഭവന-നഗരകാര്യ മന്ത്രാലയം (MoHUA) സെക്രട്ടറി,

പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) സെക്രട്ടറി എന്നിവർക്ക് സമർപ്പിക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു:

a. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), വൻകിട മാലിന്യ ഉത്പാദകരെ കേന്ദ്രീകരിച്ചുകൊണ്ട് ഉറവിട മാലിന്യസംസ്കരണവും തരംതിരിക്കലും നിർബന്ധമാക്കേണ്ടതാണ്. മാലിന്യ ഉത്പാദകരുടെ വീടുവീടാന്തരം കയറിയുള്ള മാപ്പിംഗ് നടത്താൻ സഫായ് സൂപ്പർവൈസർമാരെ ചുമതലപ്പെടുത്താവുന്നതും ചട്ടങ്ങൾ പാലിക്കാത്തവർക്കെതിരെ പിഴ ചുമത്താവുന്നതുമാണ്. വൻകിട മാലിന്യ ഉത്പാദകർക്ക് മേലുള്ള ശ്രദ്ധ പൂർണ്ണവും കർശനവുമായിരിക്കണം.
b. രണ്ടാംഘട്ട മാലിന്യ നീക്കത്തിനായി പൂർണ്ണമായും അടച്ചുറപ്പുള്ള വാഹനങ്ങൾ ഉറപ്പാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ മാലിന്യ ശേഖരണ-ഗതാഗത സംവിധാനങ്ങൾ നവീകരിക്കേണ്ടതുണ്ട്.
c. മാലിന്യം തള്ളാൻ സാധ്യതയുള്ള സ്ഥലങ്ങൾ (Garbage Vulnerable Points - GVPs) സാങ്കേതികവിദ്യയുടെ സഹായത്തോടെ കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകേണ്ടതാണ്. പിഴയും മെച്ചപ്പെട്ട മാലിന്യ ശേഖരണ സംവിധാനങ്ങളും ഒരുമിച്ച് ഉപയോഗപ്പെടുത്തി അത്തരം സ്ഥലങ്ങളിൽ വീണ്ടും മാലിന്യം തള്ളുന്നില്ലായെന്നത് ഉറപ്പുവരുത്തേണ്ടതാണ്.
d. മാലിന്യം കുന്നുകൂടാൻ സാധ്യതയുള്ളതും ആളുകൾ ധാരാളമായി എത്തുന്നതുമായ എല്ലാ സ്ഥലങ്ങളും മാപ് ചെയ്യേണ്ടതാണ്.. അത്തരം ഇടങ്ങളിൽ സ്വച്ഛത മാർഷൽമാരുടെ (കമ്മ്യൂണിറ്റി പട്രോളർമാർ) സേവനം, കച്ചവടക്കാർക്കിടയിൽ കർശനമായ നിയമപാലനം, ദിവസത്തിൽ രണ്ടുതവണയുള്ള തൂത്തുവാരൽ, ആവശ്യാനുസരണം സീസണുകളിൽ) കൂടുതൽ ജീവനക്കാരെ നിയമിക്കൽ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ നിരോധിച്ച മേഖലകളായി (no-Single-Use Plastic zone) പ്രഖ്യാപിക്കുകയും അത് കർശനമായി നടപ്പിലാക്കുകയും ചെയ്യുക തുടങ്ങിയ വിവിധ പദ്ധതികൾ ഒന്നിച്ച് നടപ്പിലാക്കേണ്ടതാണ്.
e. എല്ലാത്തരം മാലിന്യങ്ങളുടെയും സംസ്കരണത്തിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' (SPV - പ്രത്യേക ഉദ്ദേശ്യ സംവിധാനം) ഖരമാലിന്യ പരിപാലനത്തിനായി മാത്രം രൂപീകരിക്കേണ്ടതുണ്ട്. മാലിന്യത്തിന്റെ പ്രാഥമികശേഖരണവും ഗതാഗതവും നഗര തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കുമ്പോൾത്തന്നെ, സംസ്കരണ പ്ലാന്റുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഈ SPV-കളുടെ പ്രത്യേക ചുമതലയായിരിക്കാം. കൃത്യമായി തയ്യാറാക്കിയ പ്രധാന പ്രകടന സൂചികകൾ (KPIs - Key Performance

Indicators) അടിസ്ഥാനമാക്കി, മാലിന്യ ശേഖരണവും മാലിന്യനീക്കവുംപോലും ഈ SPV-കളെ ഏൽപ്പിക്കാവുന്നതാണ്.

f. നഗര തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ആകെ ഫണ്ടിന്റെ കുറഞ്ഞത് 30 ശതമാനമെങ്കിലും നഗരശുചിത്വത്തിനും ഫലപ്രദമായ ഖരമാലിന്യ പരിപാലനത്തിനുമായി മാറ്റിവെക്കണം.

g. നഗര ശുചിത്വത്തിന് മുൻഗണന നൽകിക്കൊണ്ട്, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും വാർഡുകളുടെ ശുചിത്വ റാങ്കിംഗ് തയ്യാറാക്കേണ്ടതാണ്; വാർഡുകൾക്ക് ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിന് ഈ റാങ്കിംഗ് ഒരു മാനദണ്ഡമാക്കണം. വാർഡിലെ തിരഞ്ഞെടുത്ത ആളുകളെ സന്നദ്ധ അംഗങ്ങളായി ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഒരു 'വാർഡ് സ്വച്ഛത കമ്മിറ്റി'യുടെ സഹായത്തോടെ അതത് വാർഡ് മെമ്പർ/കൗൺസിലർ/കോർപ്പറേറ്റർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.

h. നഗര വികസനത്തിന്റെ ഭാഗമായി പുതുതായി ആസൂത്രണം ചെയ്യുന്ന എല്ലാ മേഖലകളിലും മാലിന്യ കൈകാര്യം ചെയ്യലിനായി പ്രത്യേക സ്ഥലങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിരിക്കണം.

i. മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളാനോ പഴയ രീതിയിലുള്ള പാരമ്പര്യ മാലിന്യക്കൂമ്പാരങ്ങൾ (legacy dumpsites) സൃഷ്ടിക്കാനോ പാടില്ല. ശാസ്ത്രീയമായ ലാൻഡ്ഫില്ലുകളിലേക്ക് (sanitary scientific landfill) സംസ്കരണത്തിന് ശേഷം അവശേഷിക്കുന്ന അവശിഷ്ടങ്ങൾ (rejects) മാത്രമേ അനുവദിക്കാവൂ. വികേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ കുട്ടികളെയും മറ്റ് പൗരന്മാരെയും ബോധവൽക്കരിക്കാനുള്ള ഇടങ്ങളായും ഉപയോഗിക്കേണ്ടതാണ്.

j. പൊതുജനങ്ങൾക്ക് തങ്ങൾ ഉപയോഗിച്ച സാധനങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവ സംഭാവന ചെയ്യാനായി എല്ലാ വാർഡുകളിലും ഒരു അയൽപക്ക RRR (Reduce, Reuse, Recycle ) കേന്ദ്രം ഉണ്ടായിരിക്കണം.

k. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വ്യവസായ അടിസ്ഥാനത്തിൽ പുനരുപയോഗിക്കുന്നതിനായി (industrial recycling), വലിയ നഗരങ്ങൾ വ്യവസായ സ്ഥാപനങ്ങളുമായി കരാറുകളിൽ ഏർപ്പെടേണ്ടതാണ്. ഇതിലൂടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF - മാലിന്യ ശേഖരണ കേന്ദ്രം) ഇത്തരം പുനരുപയോഗ സാധനങ്ങൾ കൈമാറുന്നതിനുള്ള കേന്ദ്രമായി മാറുകയും, ഇതിൽ നിന്നും നഗരങ്ങൾക്ക് എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR) സർട്ടിഫിക്കറ്റുകൾ നേടിയെടുക്കാൻ സാധിക്കുകയും ചെയ്യും.

22. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും അവയുടെ കീഴിലുള്ള തദ്ദേശ സ്ഥാപനങ്ങളും കൈവരിക്കേണ്ട 'ഹ്രസ്വകാല', 'മധ്യകാല', 'ദീർഘകാല' ലക്ഷ്യങ്ങൾ നിശ്ചയിക്കാൻ നഗരവികസന, ഗ്രാമവികസന, പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന (MoEFCC) മന്ത്രാലയങ്ങൾക്ക് നിർദ്ദേശം നൽകുന്നു. ബന്ധപ്പെട്ട മന്ത്രാലയങ്ങൾ, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും അവയുടെ തദ്ദേശ സ്ഥാപനങ്ങളും കൈവരിച്ച ലക്ഷ്യങ്ങളുടെ ശതമാനം വ്യക്തമാക്കുന്ന പ്രത്യേക സംഗ്രഹ പ്രസ്താവനകൾ (abstract statements) താഴെ പറയുന്ന ഫോർമാറ്റിൽ 2026 മെയ് 24-നകം സമർപ്പിക്കേണ്ടതാണ്:

**നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - ഒന്നാം ഘട്ട ലക്ഷ്യങ്ങൾ**

| സംസ്ഥാനം | ടാർഗറ്റ് | കൈവരിച്ച ശതമാനം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| ആൻഡമാൻ ആന്റ് നിക്കോബാർ ഐലൻഡ് | | | |
| ആന്ധ്രാ പ്രദേശ് | | | |
| അരുണാചൽ പ്രദേശ് | | | |
| അസം | | | |
| ബീഹാർ | | | |
| ചണ്ഡീഗഡ് | | | |
| ഛത്തീസ്ഗഢ് | | | |
| ദാദ്ര ആന്റ് നാഗർ ഹവേലി ആന്റ് ദാമൻ ആന്റ് ഡിയു | | | |
| ദില്ലി (NCT) | | | |
| ഗോവ | | | |
| ഗുജറാത്ത് | | | |
| ഹരിയാന | | | |
| ഹിമാചൽ പ്രദേശ് | | | |
| ജമ്മു-കാശ്മീർ | | | |

| | | | |
|---|---|---|---|
| ജാർഖണ്ഡ് | | | |
| കർണാടക | | | |
| കേരളം | | | |
| ലഡാക്ക് | | | |
| ലക്ഷദ്വീപ് | | | |
| മധ്യപ്രദേശ് | | | |
| മഹാരാഷ്ട്ര | | | |
| മണിപ്പൂർ | | | |
| മേഘാലയ | | | |
| മിസോറം | | | |
| നാഗാലാൻഡ് | | | |
| ഒഡീഷ | | | |
| പുതുച്ചേരി | | | |
| പഞ്ചാബ് | | | |
| രാജസ്ഥാൻ | | | |
| സിക്കിം | | | |
| തമിഴ്നാട് | | | |
| തെലുങ്കാന | | | |
| ത്രിപുര | | | |
| ഉത്തർപ്രദേശ് | | | |
| ഉത്തരാഖണ്ഡ് | | | |
| പശ്ചിമ ബംഗാൾ | | | |

### ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - ഒന്നാം ഘട്ട ലക്ഷ്യങ്ങൾ

| സംസ്ഥാനം | ടാർഗറ്റ് | കൈവരിച്ച ശതമാനം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| ആൻഡമാൻ ആന്റ് നിക്കോബാർ ഐലൻഡ് | | | |
| ആന്ധ്രാ പ്രദേശ് | | | |
| അരുണാചൽ പ്രദേശ് | | | |
| അസം | | | |
| ബീഹാർ | | | |
| ചണ്ഡീഗഡ് | | | |
| ഛത്തീസ്ഗഢ് | | | |
| ദാദ്ര ആന്റ് നാഗർ ഹവേലി ആന്റ് ദാമൻ ആന്റ് ഡിയു | | | |
| ദില്ലി (NCT) | | | |
| ഗോവ | | | |
| ഗുജറാത്ത് | | | |
| ഹരിയാന | | | |
| ഹിമാചൽ പ്രദേശ് | | | |
| ജമ്മു-കാശ്മീർ | | | |
| ജാർഖണ്ഡ് | | | |
| കർണാടക | | | |
| കേരളം | | | |
| ലഡാക്ക് | | | |

| | | | |
|---|---|---|---|
| ലക്ഷദ്വീപ് | | | |
| മധ്യപ്രദേശ് | | | |
| മഹാരാഷ്ട്ര | | | |
| മണിപ്പൂർ | | | |
| മേഘാലയ | | | |
| മിസോറം | | | |
| നാഗാലാൻഡ് | | | |
| ഒഡീഷ | | | |
| പുതുച്ചേരി | | | |
| പഞ്ചാബ് | | | |
| രാജസ്ഥാൻ | | | |
| സിക്കിം | | | |
| തമിഴ്നാട് | | | |
| തെലുങ്കാന | | | |
| ത്രിപുര | | | |
| ഉത്തർപ്രദേശ് | | | |
| ഉത്തരാഖണ്ഡ് | | | |
| പശ്ചിമ ബംഗാൾ | | | |

**23.** 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ നീതിന്യായ വ്യവസ്ഥയുടെ ഭാഗമെന്ന നിലയിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി, 19.02.2026-ലെ ഉത്തരവിന്റെ ഒരു പകർപ്പ് ഹൈക്കോടതികളിലെ രജിസ്ട്രാർ ജനറൽമാർക്കും/രജിസ്ട്രാർമാർക്കും അയച്ചു കൊടുക്കാൻ രജിസ്ട്രിക്ക് നിർദ്ദേശം നൽകുന്നു.

**24.** തുടർവാദത്തിനായി 25.05.2026 രാവിലെ 10.30-ലേക്ക് മാറ്റിവെക്കുന്നു

**(Nidhi Mathur)** **(Geeta Ahuja)**

**Deputy Registrar** **Court Master (NSH}**